# വിചിന്തനം

സെപ്റ്റംബർ 2025

**"ആതിഥ്യമര്യാദ മറക്കരുത്. അതുവഴി, ദൈവദൂതൻമാരെ അറിയാതെ സത്കരിച്ചവരുണ്ട്."**

**ഹെബ്രാ. 13, 2**

ഇങ്ങനെയൊന്ന് സങ്കൽപ്പിച്ചുനോക്കൂ. നിങ്ങൾ വീട്ടിൽ സ്വസ്ഥമായിരിക്കുമ്പോൾ വാതിലിൽ ഒരു മുട്ട് കേൾക്കുന്നു. 'ഇതിപ്പോ ആരായിരിക്കും? വീട് വൃത്തിയായിട്ടാണോ കിടക്കുന്നത്? അതിഥികളെ സത്കരിക്കാനുള്ളത്ര സമയം ഇപ്പോഴുണ്ടോ?' എന്നതൊക്കെ ഞൊടിയിടയിൽ നിങ്ങൾ കണക്കുകൂട്ടുന്നു. തികച്ചും സ്വാഭാവികമായ ഈ ചോദ്യങ്ങൾ, കൂടുതൽ ഗൗരവമുള്ള മറ്റൊന്ന് ചോദിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. ആതിഥ്യമര്യാദ അസൗകര്യമായി തോന്നുന്ന സമയങ്ങളിൽ എങ്ങനെയാവണം ക്രിസ്തീയമായ പ്രതികരണം? വ്യക്തിപരമായി വലിയ വില കൊടുക്കേണ്ടി വന്നാൽ പോലും പ്രിയപ്പെട്ടവരെയും അപരിചിതരേയുമെല്ലാം സ്വാഗതം ചെയ്യുന്ന, വിശ്വസ്തരായ കുറേയേറെ ജീസസ് യൂത്തിന്റെ ജീവിതങ്ങളിൽ ആ മിഷനറി വിളി പ്രകടമായി കാണാവുന്നതാണ്.

'Hospitaltiy' (ആതിഥേയത്വം) എന്ന വാക്കിന്റെ ലാറ്റിൻ മൂലപദമായ 'hospes' അതിഥിയേയും ആതിഥേയനേയും ഒരുപോലെ സൂചിപ്പിക്കുന്നു എന്നത് പരസ്പരം ആതിഥ്യമര്യാദ കാണിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു. തിരുവചനം പറയുന്ന പോലെ, അതിഥികളെയോ അപരിചിതരെയോ സ്വഭവനത്തിൽ സ്വീകരിക്കുന്നതിലൂടെ അറിയാതെ നമ്മൾ ദൈവദൂതന്മാരെയും സത്കരിച്ചേക്കാം. അതുപോലുള്ള കണ്ടുമുട്ടലുകളിലൂടെ അതിഥിയും ആതിഥേയനും ഒന്നുപോലെ ആത്മീയോന്നതി പ്രാപിക്കുന്നു.

'Hospital' (ആശുപത്രി) എന്ന വാക്കും അതേ ലാറ്റിൻ മൂലരൂപം പങ്കിടുകയും ക്രിസ്തീയതയിലധിഷ്ഠിതമായ ആതിഥ്യത്തിന്റെ മറ്റൊരു മാനം വെളിപ്പെടുത്തുകയും ചെയ്യുന്നു. ആശുപത്രികൾക്ക് തുടക്കം കുറിച്ചത് പ്രധാനമായും ക്രൈസ്തവരുടെ അശ്രാന്തപരിശ്രമഫലമായാണ്. ആദ്യകാല ക്രിസ്ത്യാനികളും, പിന്നീട് സഭാസ്ഥാപനങ്ങളും രോഗികളെ ശുശ്രൂഷിക്കുന്ന ഉദ്യമം ഏറ്റെടുത്തുകൊണ്ട് അവരുടെ അനുകമ്പയിലൂടെ സുവിശേഷദൂതിനെ ജീവസ്സുറ്റതാക്കി. അങ്ങനെ, സമ്പന്നർക്കും 'യോഗ്യർക്കുമായി' ഒരിക്കൽ സംവരണം ചെയ്യപ്പെട്ടിരുന്നത്, പരിചരണം ആവശ്യമുള്ള എല്ലാവർക്കും ലഭ്യമായി. 'പതിതർക്കായുള്ള ആതുരാലയങ്ങൾ' ആയിത്തീരേണ്ടതാണ് നമ്മുടെ ജീവിതങ്ങളും ഭവനങ്ങളും, എന്നു ചിന്തിക്കുമ്പോൾ കർത്താവ് നമ്മെയെല്ലാം ഈ ദൗത്യത്തിലേക്കാണ് വിളിച്ചിരിക്കുന്നത് എന്ന് അനുഭവവേദ്യമാകും. ആളുകൾക്ക് വേണ്ടത് ശാരീരികമോ ആത്മീയമോ ആയ പരിചരണം ആയാലും, അതിനൊപ്പം അഭയവും കരുതലും സൗഖ്യവും ആശിക്കുന്ന ഒരുപാട് മനസ്സുകളുണ്ട് ഈ ലോകത്ത്.

ഇങ്ങനെ സുവിശേഷത്തിലധിഷ്ഠിതമായ ആതിഥ്യത്തിന് വേണ്ട പ്രായോഗികവും ആധ്യാത്മികവുമായ നടപടികൾ എന്താണെന്ന് നമുക്കൊന്ന് നോക്കാം. ഒരു ആംഗ്ലിക്കൻ പാസ്റ്റർ ഉപയോഗിച്ച 'അനൗപചാരിക അതിഥി സത്കാരം' (scruffy hospitaltiy) എന്ന പദം, ക്രിസ്തീയ ആതിഥ്യം എങ്ങനെയായിരിക്കണം എന്നതിനെ വ്യക്തമായി വരച്ചു കാണിക്കുന്നു. സന്ദർശകരെ സ്വാഗതം ചെയ്യാനായി നല്ലവണ്ണം എല്ലാം ഒരുക്കി വെക്കേണ്ടതിന്റെ ആവശ്യകതയെ നിരാകരിക്കുന്നില്ലെങ്കിലും, നമ്മുടെ ദൈനംദിനജീവിതത്തിൽ സാധാരണമായ അലങ്കോലപ്പെടലുകളുടെ ഒരു ഭംഗി കൂടി പങ്കുവെക്കാനുള്ള സന്നദ്ധതക്കാണ് ആ പദപ്രയോഗം ഊന്നൽ നൽകുന്നത്. ചുറ്റിനും കുട്ടികൾ ഓടിക്കളിക്കുന്ന സ്നേഹസമ്പന്നമായ ഒരു വീടാവാം, ചെറിയൊരു പഠന മുറിയാവാം, ഒരു താൽക്കാലിക ഓഫീസ്

മുറിയാവാം, ഇതെല്ലാം തന്നെ കുറച്ചു  ഭക്ഷണം പങ്കുവെക്കാനോ സംസാരിക്കാനോ അനുയോജ്യ മായ നല്ല സ്ഥലങ്ങൾ തന്നെയാണ്. പലപ്പോഴും മനോഹര അലങ്കാരങ്ങളോ വിഭവസമൃദ്ധമായ ഭക്ഷണമോ അല്ല, സ്നേഹപൂർവ്വം വിളമ്പി ഊട്ടുന്ന ഭക്ഷണമേശകൾ,  ഊഷ്മളമായ ചിരി, പിരിമുറുക്കമില്ലാത്ത അന്തരീക്ഷം. ഇതൊക്കെയാണ് നമ്മെ സന്തോഷിപ്പിക്കുന്നത്. യേശു തന്നെയും ഔപചാരികതകളുടെ കൂട്ടുകാരനായിരുന്നില്ല, അവൻ മലമുകളിലും കടൽ തീരത്തും ചുങ്കക്കാരോ ടൊത്തു പോലും അപ്പം മുറിച്ചല്ലോ.

സന്നാഹങ്ങളെക്കുറിച്ചുള്ള ആകുലത നമുക്കുണ്ടായേക്കാം, പക്ഷേ മിക്കപ്പോഴും നമ്മുടെത്തന്നെ ബലഹീനതകളാണ് മറ്റുള്ളവരെ സ്വാഗതം ചെയ്യുന്നതിൽ നിന്ന് നമ്മെ പുറകോട്ടു വലിക്കുന്നത്. പൂർണ്ണമായി ഒരുങ്ങാത്ത നമ്മുടെ ഇടങ്ങൾ തുറന്നു കാണിക്കുന്നതിലൂടെ, നമ്മുടെ കുടുംബത്തെ ക്കുറിച്ചോ ജീവിതശൈലിയെപ്പറ്റിയോ തിരഞ്ഞെടുപ്പുകളെക്കുറിച്ചോ എന്തെങ്കിലും വിമർശനമോ വിധിക്കലുകളോ നേരിടേണ്ടി വരുമെന്ന ചിന്ത നമ്മെ ഭരിച്ചേക്കാം. നമ്മുടെ സ്ഥലവും നമ്മൾ തന്നെയും ദൈവവേലക്കായി അപര്യാപ്തവും അയോഗ്യരും ആണെന്ന് തോന്നിയേക്കാം. അങ്ങനെയുള്ള സന്ദർഭങ്ങളിൽ, ദിവ്യവൈദ്യനായ ക്രിസ്തുവിനെ തന്നെ വിശിഷ്ടാതിഥിയായി സ്വാഗതം ചെയ്തേക്കണം.  'കർത്താവേ, നീ എന്റെ ഭവനത്തിൽ പ്രവേശിക്കാൻ ഞാൻ യോഗ്യനല്ല. നീ ഒരു വാക്ക് ഉച്ചരിച്ചാൽ മാത്രം മതി, എന്റെ ഭൃത്യൻ സുഖപ്പെടും', (മത്തായി 8 : 8) എന്നു പറഞ്ഞ ശതാധിപന്റെ വിശ്വാസം നമ്മിൽ പ്രതിധ്വനിക്കട്ടെ. നമ്മുടെ വിശ്വാസത്തെ പ്രതി, ദിവ്യനാഥൻ നമ്മൾ ക്ഷണിച്ചവരോട് അനുഭാവപൂർവ്വം ഇടപെടുന്നു. നമ്മുടെ വിശ്വാസം, ഔദാര്യം, ആതിഥ്യം എന്നിവ വഴി അവിടുന്ന് നമ്മെ സൗഖ്യപ്പെടുത്തുന്നു. നമ്മൾ അവരെ കാണണം, അറിയണം, സ്നേഹിക്കണം എന്ന് ആഗ്രഹിച്ചുകൊണ്ട് ഇതുപോലെ നമ്മുടെ വീട്ടിൽ വരികയും നമുക്ക് നൽകാനാവുന്നതിലുമപ്പുറമുള്ള പരിചരണം അനുഭവിക്കുകയും ചെയ്യുന്ന നമ്മുടെ അതിഥി കളിൽ പലരും വേഷപ്രച്ഛന്നരായ ദൈവദൂതൻമാരാണെന്ന് നമുക്ക് മനസ്സിലാകും.

മിഷനറി ആവാൻ നമുക്കെല്ലാമുള്ള വിളിക്ക് ഒരു പ്രത്യുത്തരമെന്ന നിലയിൽ, ക്രിസ്തീയ ആതിഥ്യം സുവിശേഷസാക്ഷ്യത്തിനുള്ള ശക്തവും ഫലപ്രദവുമായ ഒരു മാർഗ്ഗമായി മാറുന്നു. നമ്മളിൽ ചിലർ സുവിശേഷവുമായി അന്യനാടുകളിൽ പോയേക്കാം, പക്ഷേ നമ്മുടെ ഭവനങ്ങളിലേക്കും നിത്യജീവി തത്തിലേക്കും സുവിശേഷത്തെ കൊണ്ടുവരിക എന്ന വെല്ലുവിളി എല്ലാവർക്കുമുള്ളതാണ്.

അങ്ങനെ ആതിഥ്യമര്യാദ,  മറ്റുള്ളവർക്കുള്ള സമ്മാനവും, ദൈവത്തിൽ നിന്നുള്ള ദാനവും വിശ്വാസം ജീവിച്ചു കാണിക്കാനുള്ള മനോഹരമായ വഴിയുമായി മാറുന്നു.

ജിലു ചെങ്ങാട്

*ജിലു അമേരിക്കയിലെ മാസ്സാച്ചുസെറ്റ്സിൽ ഭർത്താവിനും നാല് മക്കളുമൊത്ത് താമസിക്കുന്നു.  ജീസസ് യൂത്ത് യു.എസ്.യുടെ ദേശീയ കോ-ഓർഡിനേറ്ററായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.*